# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *247 28/01/2014 ൽ മറുപടിക്ക്

### സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>" എം.എ. ബേബി<br>" ആർ. രാജേഷ്<br>" വി. ശിവൻകുട്ടി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പാഠ്യപദ്ധതിയിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;<br>ഇതുനുമുമ്പ് പാഠ്യപദ്ധതി പരിഷ്കരണം നടന്നത് ഏത് വർഷത്തിലാണെന്ന് വെളിപ്പെടുത്താമോ; | എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഈ വർഷം 1, 3, 5, 7, 11 ക്ലാസുകളിലെ സിലബസും, പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നതാണ് പരിഷ്കരിച്ച് തയ്യാറാക്കിയ പ്രസ്തുത ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 2014-15 അദ്ധ്യായന വർഷം സ്കൂളുകളിൽ നടപ്പാക്കുന്നതാണ്. 2015-16 അദ്ധ്യായന വർഷം നടപ്പാക്കുന്നതിനായി 2, 4, 6, 8, 12 ക്ലാസുകളിലെ സിലബസും പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചു. തുടർന്ന് വ രുന്ന വർഷം 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളും പരിഷ്കരിക്കു ന്നുണ്ട്.<br>പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡ റി വരെയുള്ള പാഠ്യപദ്ധ തിയും അതിന് അനുബന്ധമായി പാഠപുസ് തകങ്ങളും സമഗ്രമായി പരിഷ്കരിച്ച് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടന്നു വരുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗുണനിലവാരമുള്ള വിദ്യാഭ്യാസം നടപ്പിലാക്കണമെന്നും ഗുണ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഏജ് സ്പെസിഫിക് ആയ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്ക്കരിച്ച് നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം ലഭിച്ചിരുന്നു. നിലവിൽ ഉള്ള പാഠ്യ പദ്ധതി 2007 ൽ പരി ഷ്ക്കരിച്ചിരുന്നതാണ്. കേരളത്തിൽ പാഠ്യ പദ്ധതി ഓരോ അഞ്ച് വർഷത്തിലൊരിക്കൽ പരിഷ്ക്കരി ക്കുന്ന നിയമമാണ് തുടർന്ന് വരുന്നത്. ശാസ്ത്ര സാങ്കേതിക മേഖലയിലും വൈജ്ഞാനിക മേഖലയിലും മനശാസ്ത്ര മേഖലയിലും |

| | | | |
|---|---|---|---|
| | | | ഉണ്ടായിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങൾ പാഠ്യപദ്ധതിയിൽ പ്രതിഫലിപ്പിക്കുന്നതിനാണ് കരിക്കുലം പരിഷ്ക്കരിക്കുന്നത്. കൂടാതെ 2007 ന് പരിഷ്ക്കരിച്ച് നടപ്പിലാക്കിയ പാഠ്യപദ്ധതിയിൽ കണ്ടെത്തിയ പോരായ്മകളും ഇതോടനുബന്ധിച്ച് സർക്കാർ നിയമിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടുമാണ് പാഠ്യപദ്ധതി പരിഷ്കരിക്കുവാനുള്ള സാഹചര്യം ഒരുക്കിയത്. |
| ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നയരേഖ സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; | ബി) | പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനായി തയ്യാറാക്കിയ നയരേഖ ലഭിച്ചിട്ടില്ല. |
| സി) | പരിഷ്കരണം സംബന്ധിച്ച് വിദഗ്ദ്ധസമിതി അംഗങ്ങൾ തന്നെ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് പരിശോധിക്കുകയുണ്ടായോ ; | സി) | വിദഗ്ദ്ധ സമിതി അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി യിട്ടില്ല. |
| (ഡി) | കരിക്കുലം കമ്മിറ്റിയേയും വിദ്യാഭ്യാസ വിദഗ്ദ്ധരേയും മറികടന്നുള്ള പാഠ്യപദ്ധതിപരിഷ്കരണം സ്കൂളുകളിലെ അക്കാദമിക് പ്രവർത്തനങ്ങളെ പിറകോട്ടടിപ്പിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) | കരിക്കുലം കമ്മിറ്റിയുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും അംഗീകാരത്തിന് വിധേയമായാണ് പുതിയപാഠ്യ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പഠന–ബോധന മേഖലയിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നരീതിയിലാണ് പരിഷ്കരണം നടത്തിയിട്ടുള്ളത്. |
| (ഇ) | ഈ സാഹചര്യത്തിൽ അക്കാദമിക് പിൻബലമില്ലാത്ത പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ പുനഃപരിശോധിക്കുന്നതിനും പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് നിർത്തിവെപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | ഒട്ടേറെ തലങ്ങളിൽ ചർച്ചകൾ നടത്തിയും ശില്പശാലകൾ സംഘടിപ്പിച്ചും ദേശീയവും അന്തർദേശീയവുമായി നിലനിൽക്കുന്ന പാഠ്യപദ്ധതികൾ പരിഗണിച്ചുമാണ് നിലവിലെ പാഠ്യപദ്ധതി പരിഷ്ക്കരിച്ചിരിക്കുന്നത്. സർക്കാർ നിയമിച്ച വിദഗ്ധ സമിതിയുടെയും കോർ കമ്മിറ്റിയുടെയും മേൽനോട്ടത്തിലാണ് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ